**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 85** **06-02-2023 - ൽ മറുപടിയ്ക്ക്**

**പട്ടിക വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള പഠന സഹായ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ മാത്യു ടി. തോമസ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പട്ടിക വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദേശ യൂണിവേഴ്സിറ്റികളിലെ പഠനത്തിന് സാമ്പത്തിക സഹായം നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം, പുരോഗതി എന്നിവ അറിയിക്കുമോ; | (എ) | കേരളീയരായ പട്ടികവിഭാഗ വിദ്യാർത്ഥികൾക്ക് വിദേശത്തെ മികച്ച യൂണിവേഴ്സിറ്റികളിൽ ബിരുദാനന്തര ബിരുദ, പി.എച്ച്.ഡി കോഴ്സുകൾ പഠിക്കുന്നതിനായി ഓവർസീസ് സ്കോളർഷിപ്പ് ചുവടെ ചേർത്തിരിക്കുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായി നടപ്പിലാക്കി വരുന്നു.<br><br>1) പ്രായപരിധി 35 വയസ്സ്<br><br>2) WORLD TIMES RANKINGൽ 1 മുതൽ 500 റാങ്കിങ്ങ് വരെയുള്ള യൂണിവേഴ്സിറ്റികളിൽ അഡ്മിഷൻ ലഭിക്കുന്നവർക്കാണ് സ്കോളർഷിപ്പ് ലഭിക്കുന്നത്.<br><br>3) യോഗ്യതാ പരീക്ഷയിൽ 55% മാർക്ക് ലഭിക്കുന്ന പട്ടികജാതി വിദ്യാർത്ഥികളെയും, 50% മാർക്ക് ലഭിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളെയുമാണ് പരിഗണിക്കുന്നത്.<br><br>4) പട്ടികജാതി വിദ്യാർത്ഥികൾക്ക് വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഇത് ബാധകമല്ല.<br><br>5) പരമാവധി 25 ലക്ഷം രൂപയാണ് സ്കോളർഷിപ്പായി അനുവദിക്കുന്നത്.<br><br>6) പട്ടിക വർഗ വിദ്യാർത്ഥികൾക്ക് വരുമാനപരിധി ബാധകമല്ല. 12 ലക്ഷം വരെ വരുമാനപരിധിയുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് തുക പൂർണ്ണമായും പരമാവധി 25 ലക്ഷം രൂപയും, 12 ലക്ഷത്തിനും 20 ലക്ഷത്തിനും വരുമാനപരിധിയുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് യഥാർത്ഥ ട്യൂഷൻ |

| | | | |
|---|---|---|---|
| | | | ഫീസും മറ്റുള്ളവയും 50% അക്കോമഡേഷൻ & ലിവിംഗ് എക്സ്പെൻസും ലഭിക്കുന്നു. 20 ലക്ഷത്തിനു മുകളിൽ യഥാർത്ഥ ട്യൂഷൻ ഫീസ് മാത്രമേ ലഭിക്കുകയുള്ളൂ.<br><br>7) സോഷ്യൽ സയൻസ് & ഹ്യുമാനിറ്റീസ്, കൊമേഴ്സ്, ആർട്സ്, ഫൈൻ ആർട്സ്, മ്യൂസിക് & അലൈഡ് സബ്ജക്ട്സ്, നിയമം തുടങ്ങിയ വിഷയങ്ങളിൽ രാജ്യത്തിനകത്ത് ഇല്ലാത്ത കോഴ്സുകൾക്കാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 328 പട്ടികജാതി വിദ്യാർത്ഥികൾക്കും 22 പട്ടികവർഗ വിദ്യാർത്ഥികൾക്കും ഓവർസീസ് സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഐ.ഐ.റ്റി.കൾ അടക്കമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പഠനത്തിന് പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനുള്ള പദ്ധതി പരിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ; | (ബി) | 05.01.2023 ലെ സ.ഉ(പി) 1/2023/SCSTDD, സ.ഉ(പി) 2/2023/SCSTDD, ഉത്തരവുകൾ പ്രകാരം പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതി പരിഷ്കരിച്ചിട്ടുണ്ട്. ദേശീയപ്രാധാന്യമുള്ള സ്ഥാപനങ്ങൾ, സെൻട്രൽ/സ്റ്റേറ്റ് യൂണിവേഴ്സിറ്റി/ യു.ജി.സി അംഗീകാരമുള്ള സ്വയംഭരണ കോളേജുകൾ, ഡീംഡ് യൂണിവേഴ്സിറ്റികൾ, സംസ്ഥാന സർക്കാരിന്റെയോ, കേന്ദ്രസർക്കാരിന്റെയോ അംഗീകാരമുള്ള യൂണിവേഴ്സിറ്റിയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ളതും ബഹു. സുപ്രീം കോടതി നിർദ്ദേശപ്രകാരമുള്ള ഫീ ഫിക്സേഷൻ കമ്മിറ്റിയുടെ പരിധിയിൽ വരുന്നതുമായ സ്വകാര്യ പ്രൊഫഷണൽ സ്ഥാപനങ്ങൾ, കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകാരമുള്ളതും, ഡിപ്ലോമ കോഴ്സ് നടത്തുന്നതുമായ സ്ഥാപനങ്ങൾ, NMC/AICTE തുടങ്ങിയ അംഗീകൃത ഏജൻസികൾ, 11,12 ക്ലാസുകൾ അംഗീകാരമുള്ള സ്കൂളുകൾ, കേന്ദ്ര/സംസ്ഥാന സർക്കാർ നിശ്ചയിച്ചിട്ടുള്ള മറ്റ് നിയന്ത്രണ ഏജൻസികൾ അഫിലിയേറ്റ്/ അംഗീകരിച്ച ആയ കോഴ്സ്/സ്ഥാപനങ്ങൾ, NCVTയുടെ അംഗീകാരമുള്ള വൊക്കേഷണൽ ട്രെയിനിംഗ് സ്ഥാപനങ്ങൾ എന്നീ സ്ഥാപനങ്ങളിലെ കോഴ്സുകൾക്കാണ് സ്കോളർഷിപ്പ് ലഭിക്കുന്നത്. സംസ്ഥാന സർക്കാർ/യൂണിവേഴ്സിറ്റി/സർക്കാർ ചുമതലപ്പെടുത്തിയ ഏജൻസികൾ/ഫീ ഫിക്സേഷൻ കമ്മിറ്റി തുടങ്ങിയവ നിശ്ചയിച്ച നിരക്കിലുള്ള ട്യൂഷൻ ഫീസ്, എക്സാം ഫീസ്, സ്പെഷ്യൽ ഫീസ് എന്നിവ ഉൾപ്പെടുന്ന ഫീസും, സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന നിരക്കിലുള്ള സ്റ്റേറ്റ് അക്കാഡമിക് അലവൻസ് തുകയുമാണ് ലഭിക്കുന്നത്. |
| (സി) | സ്കോളർഷിപ്പ് നൽകുന്നതിനുള്ള മാനദണ്ഡങ്ങളും | (സി) | 05.01.2023 ലെ സ.ഉ(പി) 1/2023/SCSTDD, |

| | | | |
|---|---|---|---|
| | സ്കോളർഷിപ്പ് തുകയുടെ വിശദാംശവും അറിയിക്കുമോ? | | സ.ഉ(പി) 2/2023/SCSTDD, ഉത്തരവുകൾ പ്രകാരം പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതി പരിഷ്കരിച്ചിട്ടുണ്ട്. ദേശീയപ്രാധാന്യമുള്ള സ്ഥാപനങ്ങൾ, സെൻട്രൽ/സ്റ്റേറ്റ് യൂണിവേഴ്സിറ്റി/ യു.ജി.സി അംഗീകാരമുള്ള സ്വയംഭരണ കോളേജുകൾ, ഡീംഡ് യൂണിവേഴ്സിറ്റികൾ, സംസ്ഥാന സർക്കാരിന്റെയോ, കേന്ദ്രസർക്കാരിന്റെയോ അംഗീകാരമുള്ള യൂണിവേഴ്സിറ്റിയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ളതും ബഹു. സുപ്രീം കോടതി നിർദ്ദേശപ്രകാരമുള്ള ഫീ ഫിക്സേഷൻ കമ്മിറ്റിയുടെ പരിധിയിൽ വരുന്നതുമായ സ്വകാര്യ പ്രൊഫഷണൽ സ്ഥാപനങ്ങൾ, കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകാരമുള്ളതും, ഡിപ്ലോമ കോഴ്സ് നടത്തുന്നതുമായ സ്ഥാപനങ്ങൾ, NMC/AICTE തുടങ്ങിയ അംഗീകൃത ഏജൻസികൾ, 11,12 ക്ലാസുകൾ അംഗീകാരമുള്ള സ്കൂളുകൾ, കേന്ദ്ര/സംസ്ഥാന സർക്കാർ നിശ്ചയിച്ചിട്ടുള്ള മറ്റ് നിയന്ത്രണ ഏജൻസികൾ അഫിലിയേറ്റ്/ അംഗീകരിച്ച ആയ കോഴ്സ്/സ്ഥാപനങ്ങൾ, NCVTയുടെ അംഗീകാരമുള്ള വൊക്കേഷണൽ ട്രെയിനിംഗ് സ്ഥാപനങ്ങൾ എന്നീ സ്ഥാപനങ്ങളിലെ കോഴ്സുകൾക്കാണ് സ്കോളർഷിപ്പ് ലഭിക്കുന്നത്. സംസ്ഥാന സർക്കാർ/യൂണിവേഴ്സിറ്റി/സർക്കാർ ചുമതലപ്പെടുത്തിയ ഏജൻസികൾ/ഫീ ഫിക്സേഷൻ കമ്മിറ്റി തുടങ്ങിയവ നിശ്ചയിച്ച നിരക്കിലുള്ള ട്യൂഷൻ ഫീസ്, എക്സാം ഫീസ്, സ്പെഷ്യൽ ഫീസ് എന്നിവ ഉൾപ്പെടുന്ന ഫീസും, സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന നിരക്കിലുള്ള സ്റ്റേറ്റ് അക്കാഡമിക് അലവൻസ് തുകയുമാണ് ലഭിക്കുന്നത്. |

സെക്ഷൻ ഓഫീസർ